അധികാരി-5

# നമസ്കാരം കൃത്യമായി അനുഷ്ഠിക്കുക ധനത്യാഗം ചെയ്യുക

إِنَّمَا الْمُؤْمِنُونَ الَّذِينَ إِذَا ذُكِرَ اللَّهُ
وَجِلَتْ قُلُوبُهُمْ وَإِذَا تُلِيَتْ عَلَيْهِمْ آيَاتُهُ
زَادَتْهُمْ إِيمَانًا وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ۝
الَّذِينَ يُقِيمُونَ الصَّلَاةَ وَمِمَّا رَزَقْنَاهُمْ
يُنْفِقُونَ ۝

**അ**ല്ലാഹുവിനെ സംബന്ധിച്ച് പറയപ്പെട്ടാൽ തങ്ങളുടെ ഹൃദയങ്ങൾ ഭയപ്പെടുകയും അവന്റെ വചനങ്ങൾ അവർക്ക് ഓതിക്കേൾപ്പിക്കപ്പെട്ടാൽ അത് അവർക്ക് വിശ്വാസത്തെ വർദ്ധിപ്പിക്കുകയും തങ്ങളുടെ നാഥനിൽ സർവസ്വവും അർപ്പിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ. അപ്രകാരംതന്നെ നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും നാം അവർക്ക് നല്കിയതിൽനിന്ന് ചെലവഴിക്കുകയും ചെയ്യുന്നവരത്രെ അവർ" (8:3,4).

അല്ലാഹുതആല സത്യവിശ്വാസികളുടെ അടയാളമായിപ്പറഞ്ഞത്, അല്ലാഹു പറഞ്ഞു എന്നറിയിച്ചുകൊണ്ട് അവരോട് എന്തെങ്കിലും കാര്യം പറയുകയും, ഉപദേശിക്കുകയും ചെയ്താൽ അവരുടെ ഹൃദയം ഭയപ്പെടുന്നു എന്നാണ്. ആ ഉപദേശത്തിന്റെ സ്വാധീനം അവരിലുണ്ടാകുന്നു. അത് അവരുടെ വിശ്വാസം വർദ്ധിക്കാൻ കാരണമാകുന്നു. ചിലപ്പോൾ വ്യക്തിഗതമായ തിരക്കും പ്രശ്നങ്ങളും അല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണങ്ങളാൽ, ഒരു സത്യവിശ്വാസിക്ക് അല്ലാഹു കല്പിച്ച കാര്യങ്ങൾ പൂർണ്ണമായും പാലിക്കാൻ സാധിച്ചു എന്നു വരികയില്ല. അപ്പോൾ മനുഷ്യന്റെ പ്രകൃത്യാലുള്ള ബലഹീനത അതിജയിക്കുകയാണ് ചെയ്യുന്നത്. ചിലപ്പോൾ ശയ്ത്വാൻ മടിയുണ്ടാക്കുകയും ചെയ്യും. അതിനാൽ, അല്ലാഹുതആല ഇടയ്ക്കിടെ ഓർമ്മിപ്പിക്കാനും ഉപദേശിക്കാനും നിർദ്ദേശിച്ചിരിക്കുകയാണ്. യഥാർത്ഥ സത്യവിശ്വാസിക്ക് തന്റെ ബലഹീനതയിലേക്ക് ശ്രദ്ധയുണ്ടാകുന്നതിനും, യഥാർത്ഥമായ കാരണമാണുള്ളതെങ്കിൽ, അല്ലാഹുവിന്റെ തിരുസന്നിധിയിൽ പ്രണമിച്ചുകൊണ്ട് അവനിൽനിന്ന് സഹായം തേടി അതകറ്റാൻ പ്രാർത്ഥിക്കുന്നതിനും വേണ്ടിയാണ് ഈ നിർദ്ദേശം. ഇനി സ്വയം മെനഞ്ഞെടുക്കുന്ന തന്ത്രങ്ങളാണെങ്കിൽ, ആ ഓർമ്മപ്പെടുത്തൽ അവനെ ശരിക്കും കടിച്ചുകുടയുന്നതിനും അവനെ ജാഗ്രതപ്പെടുത്തുന്നതിനും മതിയായതാവണം. നീ നടക്കുന്ന വഴി, തെറ്റായ വഴിയാണെന്നും ശയ്ത്വാന്റെ മടിത്തട്ടിലാണ് നീ വീഴുന്നതെന്നും ജാഗ്രതപ്പെടുത്തണം.

ചില കല്പനകളനുസരിച്ച് പ്രവർത്തിക്കാതിരിക്കാൻ ശയ്ത്വാൻ നിങ്ങളെ ചുറ്റിക്കുകയാണ്. ഓർമ്മിക്കുക, യഥാർത്ഥ അഭയകേന്ദ്രം അല്ലാഹുവിന്റെ ഉണ്മയാണ്. നിങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിച്ചുതരുന്നവനും, തന്റെ ആളുകളെ സ്നേഹിക്കുന്നവനും അല്ലാഹുവല്ലാതെ മറ്റാരുമില്ല. അതുകൊണ്ട്, ഞെരുക്കത്തിലും ഐശ്വര്യത്തിലും ബുദ്ധിമുട്ടിലും സന്തോഷത്തിലും നിർബന്ധാവസ്ഥയിലും സുഗമാവസ്ഥയിലും തുടങ്ങി എല്ലാ അവസ്ഥയിലും ആരെയെങ്കിലും എന്തെങ്കിലും ഭരമേല്പിക്കാൻ കഴിയുമെങ്കിൽ അത് അല്ലാഹുവിനെ മാത്രമാണ്. യഥാർത്ഥ സത്യവിശ്വാസിക്ക് ഇങ്ങനെ അല്ലാഹുവിനെക്കുറിച്ച് പറഞ്ഞുകൊടുക്കുമ്പോൾ അത് അവന്റെ ഈമാനിൽ വർദ്ധനവുണ്ടാക്കുന്നു. ഈമാൻ വർദ്ധിക്കുമ്പോൾ, ഭൗതികമായ തിരക്കും സ്വയം ഉണ്ടാക്കിയിട്ടുള്ള നിർബന്ധകാര്യങ്ങളും കാരണത്താൽ അല്ലാഹുവിനു പകരം ഭൗതികമായ ശക്തിയിൽ താൻ അർപ്പണം ചെയ്യാൻ തുടങ്ങിയിരിക്കുന്നു എന്ന ബോധം വരികയും യഥാർത്ഥവും അസ്സലുമായ സഹായത്തിലേക്ക് മടങ്ങുകയും ചെയ്യുന്നതാണ്. ഇതുതന്നെയാണ് ഒരു സത്യവിശ്വാസിയുടെ അടയാളം. ലൗകികമായ കാര്യങ്ങളെല്ലാം ഉപേക്ഷിച്ച് ഏകനായ അല്ലാഹുവിലേക്ക് ശ്രദ്ധ തിരിക്കുന്നു. അവൻ റബ്ബാണ്. റഹ്മാനാണ്, റഹീമാണ്. തന്റെ ദാസരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നവനാണ്. അവരുടെ പ്രാർത്ഥനകൾ കേൾക്കുന്നവനാണ്. മാലിക്കിയൗമിദ്ദീനാണ്. തന്റെ ദാസർ ചെയ്യുന്ന സൽക്കർമ്മങ്ങൾക്ക് പ്രതിഫലം നല്കുന്നവനാണ്. തന്റെ വഴിയിൽ ചെയ്യപ്പെട്ട ഓരോ

പ്രവർത്തിക്കും കർമത്തിനും ഉന്നതമായ പ്രതിഫലം കൊടുക്കുന്നവനാണ്.

ഞാനോതിയ ഖുർആനിക വചനങ്ങളിലും അല്ലാഹു പറഞ്ഞിട്ടുള്ളത് ഇതുതന്നെയാണ്. അതായത്, വിശ്വാസത്തിൽ വളരുന്നവർക്കും അല്ലാഹുവിൽ സകലതും സമർപ്പണം ചെയ്യുന്നവർക്കും രണ്ടുവലിയ അടയാളമാണുള്ളത്. ഒന്ന് അവർ നമസ്കാരം നിലനിറുത്തുന്നു. രണ്ട് അല്ലാഹു നല്കിയ ധനത്തിൽനിന്ന് അവന്റെ മാർഗത്തിൽ ചെലവഴിക്കുന്നു. അടിസ്ഥാനപരമായ ഈ രണ്ടുകാര്യമാണ് സത്യവിശ്വാസിയുടെ വിശ്വാസത്തേയും അല്ലാഹുവിൽ സർവവും സമർപ്പിക്കണമെന്ന ബോധത്തേയും വർദ്ധിപ്പിക്കുന്നത്. നമസ്കാരത്തിനോടൊപ്പം ധനപരമായ ത്യാഗത്തെ സംബന്ധിച്ച് ഖുർആനിൽ മറ്റു നിരവധി സ്ഥലങ്ങളിൽ അല്ലുഹു വിവരിച്ചിരിച്ചിട്ടുണ്ട്. വിശുദ്ധഖുർആന്റെ ആരംഭത്തിൽ ബഖറ എന്ന അധ്യായത്തിൽത്തന്നെ മുത്തഖിയുടെ അടയാളമായി ഇത് എടുത്തുപറഞ്ഞിരിക്കുന്നു. മുത്തഖികൾ നമസ്കാരം നിലനിറുത്തുന്നു. അല്ലാഹു നല്കിയ ധനത്തിൽനിന്ന് അവർ അവന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നു. ഞാൻ പറഞ്ഞതുപോലെ, നിരവധി സ്ഥലങ്ങളിൽ നമസ്കാരത്തേയും ധനത്യാഗത്തേയും ചേർത്തുപറഞ്ഞിരിക്കുന്നു; ആത്മാവിന്റെ പരിശുദ്ധിക്കുള്ള സൗകര്യങ്ങൾ ഒരു സത്യവിശ്വാസി സൃഷ്ടിച്ചെടുക്കുന്നതിനുവേണ്ടിയാണിത്.

ഒരിടത്ത് ഈ വിഷയം ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു:

قُل لِّعِبَادِيَ الَّذِينَ آمَنُوا يُقِيمُوا الصَّلٰوةَ
وَيُنفِقُوا مِمَّا رَزَقْنٰهُمْ سِرًّا وَّعَلَانِيَةً مِّنْ
قَبْلِ أَنْ يَّأْتِيَ يَوْمٌ لَّا بَيْعٌ فِيهِ وَلَا خِلٰلٌ ۝

വിശ്വസിച്ചവരായ എന്റെ ദാസരോട് പറയുക, അവർ നമസ്കാരം നിലനിറുത്തുകയും ക്രയവിക്രയമോ സൗഹൃദമോ ഇല്ലാത്ത ഒരുനാൾ വന്നെത്തുന്നതിന് മുമ്പേ നാം അവർക്ക് നല്കിയതിൽനിന്ന് അവർ രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും ചെയ്യട്ടെ. (14:32)

രക്ഷാശിക്ഷയുടെ നാളിൽ വിശ്വസിക്കുന്നവരും അല്ലാഹു മാലിക്കിയൗമിദ്ദീനാണെന്ന് നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ളവരും നമസ്കാരവും അല്ലാഹുവിന്റെ വഴിയിൽ ചെയ്യപ്പെട്ട ത്യാഗങ്ങളും മാത്രമാണ് ദൈവാനുഗ്രഹത്താൽ ഒരു മനുഷ്യനെ രക്ഷപ്പെടുത്തുന്നതെന്ന കാര്യം ഓർമ്മിക്കുക. ഇതുകൂടാതെ ഒരു കച്ചവടവും പ്രയോജനപ്പെടുകയില്ല. പണം പെരുകുന്നതും പ്രയോജനപ്പെടുകയില്ല. എത്ര ബാങ്ക് ബാലൻസ് ഉപേക്ഷിച്ചിട്ടാണ് നീ വന്നതെന്ന് അല്ലാഹു ചോദിക്കുകയില്ല. നിങ്ങളുടെ സുഹൃത്തുക്കൾ ഏതേതെല്ലാം വലിയവരായിരുന്നു എന്നും ചോദിക്കുകയില്ല. ഈ ലോകത്തെ സുഹൃത്ത്ബന്ധം നിങ്ങളെ ഒരുവിധത്തിലും രക്ഷിക്കുകയില്ല. നിങ്ങൾ യഥാർത്ഥ വിശ്വാസിയാണെങ്കിൽ ഞാൻ പറഞ്ഞ രണ്ടു കാര്യത്തിലേക്ക് ഒരുപാട് ശ്രദ്ധിക്കുക എന്ന് അല്ലാഹു പറയുന്നു. ഈ നമസ്കാരങ്ങളും ത്യാഗങ്ങളും പരസ്യമായും രഹസ്യമായും അനുഷ്ഠിക്കേണ്ടതാണ്. രഹസ്യമായി ചെയ്യുന്ന ആരാധനാകർമങ്ങളും ത്യാഗങ്ങളും വിശ്വാസം കൂടുതൽ പ്രബലപ്പെടുത്താൻ കാരണമാകും. ആദ്യത്തേക്കാൾ കൂടുതൽ അല്ലാഹുവിന്റെ സ്നേഹം പിടിച്ചുപറ്റുന്നതായിരിക്കും. പരസ്യമായി ചെയ്തിട്ടുള്ള ത്യാഗങ്ങളും- അത് പൊങ്ങച്ചം കാണിക്കാനല്ല, പ്രത്യുത മറ്റുള്ളവർക്കും പ്രോത്സാഹനം ഉണ്ടാകാൻ വേണ്ടിയാണ്- അല്ലാഹുവിന്റെ അനുഗ്രഹത്തെ ആകർഷിച്ചെടുക്കുന്നതായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്ന ഓരോ അഹ്മദിയും ഈ രണ്ടുകാര്യത്തിലേക്ക് പ്രത്യേകമായ നിലയിൽ ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്.

രണ്ടാമത്തേത് നമസ്കാരം അനുഷ്ഠിക്കലാണ്. അതിൽ കൃത്യത പാലിക്കേണ്ടതാണ്. കഴിയുന്നത്ര ജമാഅത്തോടുകൂടി നമസ്കരിക്കാൻ ശ്രമിക്കേണ്ടതാണ്. ആ നമസ്കാരങ്ങളെ നഫ്ലുകൾകൊണ്ട് മോടി പിടിപ്പിക്കുകയും വേണം. നബി(സ) പറയുകയുണ്ടായി. ***ബയ്നുൽ കുഫ്റി വൽഈമാനി തറക്കുസ്സ്വലാത്ത്***. കുഫ്റിന്റെയും ഈമാന്റെയും ഇടയിൽ വ്യത്യാസമുണ്ടാക്കുന്ന കാര്യം നമസ്കാരം ഉപേക്ഷിക്കലാണ്. അതിനാൽ ഇക്കാര്യം നിസ്സാരമായി മനസ്സിലാക്കരുത്. നമസ്കാരം ഉപേക്ഷിക്കുന്നവർ അല്ലെങ്കിൽ **അതിൽ മടി കാണിക്കുന്നവർ ബലഹീനവിശ്വാസികളാണെന്ന് മാത്രമല്ല, മറിച്ച് അവിടന്ന് പറഞ്ഞു, വിശ്വാസവും അവിശ്വാസവും തമ്മിൽ വേർപ്പെടുത്തിക്കാണിക്കുന്ന കാര്യം നമസ്കാരം ഉപേക്ഷിക്കലാണ്**. നബി(സ) തിരുമേനി തന്റെ അനുയായികളിൽ ഇക്കാര്യം നടപ്പിൽ വരുത്തിയിരുന്നു. അവരെ ഇക്കാര്യത്തിൽ പ്രബലരാക്കിയിരുന്നു. നിവേദനത്തിൽ വന്നിരിക്കുന്നു. അബ്ദുല്ലാഹ്ബിൻ ശദീദ്(റ) നിവേദനം ചെയ്യുന്നു. നബി(സ)ന്റെ സ്വഹാബിമാർ നമസ്കാരത്തിനു പുറമെ ഒരു കാര്യവും ഉപേക്ഷിക്കുന്നത് കുഫ്റായി മനസ്സിലാക്കിയിരുന്നില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) പറയുന്നു: ഞാൻ നബി(സ) തിരുമേനിയോട് ചോദിച്ചു: ഏത് കർമമാണ് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത്? അവിടന്ന് പറഞ്ഞു: കൃത്യസമയത്ത് നമസ്കരിക്കൽ. ഞാൻ ചോദിച്ചു അത് കഴിഞ്ഞാൽ? അവിടന്ന് പറഞ്ഞു: മാതാപിതാക്കളോട് നല്ല രീതിയിൽ പെരുമാറുക. പിന്നീട് ഞാൻ ചോദിച്ചു അത് കഴിഞ്ഞാൽ? അവിടന്ന് പറഞ്ഞു: അല്ലാഹുവിന്റെ വഴിയിൽ ജിഹാദ് ചെയ്യൽ. അതായത് അല്ലാഹുവിന്റെ ദീനിന്റെ പ്രചാരണത്തിനായി കഠിനാധ്വാനം ചെയ്യുക.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഖിയാമത്തുന്നാൾ ഏറ്റവുമാദ്യം മനുഷ്യരിൽനിന്ന് കണക്കെടുക്കുന്നത്, നമസ്കാരത്തെക്കുറിച്ചായിരിക്കും. ഈ കണക്ക് ശരിയായിരുന്നാൽ, അവൻ വിജയിച്ചു. അവൻ മോക്ഷം പ്രാപിച്ചു. ഈ കണക്ക് മോശമായാൽ, അവൻ പരാജയപ്പെട്ടു. നഷ്ടത്തിലായി. അവന്റെ ഫർളായ കാര്യങ്ങളിൽ എന്തെങ്കിലും കുറവുണ്ടായാൽ അല്ലാഹു ചോദിക്കും, എന്റെ ദാസന്റെ നഫ്ലുകൾ എന്തെങ്കിലും ഉണ്ടോ? നഫ്ലുകൾ ഉണ്ടെങ്കിൽ, ഫർളിലുണ്ടായ കുറവ് അതുമുഖേന നികത്തപ്പെടുന്നതാണ്. ഇതേപ്രകാരം അവന്റെ മറ്റു കർമങ്ങളും പരിശോധിക്കുന്നതാണ്. അതിന്റേയും കണക്കെടുക്കും.

രഹസ്യമായും ആരാധനാകർമങ്ങൾ അനുഷ്ഠിക്കാൻ അല്ലാഹു പറഞ്ഞിരിക്കുന്നത്, നഫ്ലുകളാണ്. ചിലപ്പോൾ ചില തിരക്കു കാരണം നമസ്കാരം അങ്ങോട്ടും ഇങ്ങോട്ടും ആകാറുണ്ട്. അല്ലെങ്കിൽ പൂർണ്ണസ്ഥിരചിത്തതയോടെ അനുഷ്ഠിക്കാൻ സാധിക്കുകയില്ല. അപ്പോൾ നഫ്ലുകൾ ചെയ്താൽ ആ കുറവ് അത് പരിഹരിക്കുമെന്ന് പറഞ്ഞിരിക്കുന്നു.

നമസ്കാരം ജമാഅത്തോടുകൂടി നമസ്കരിക്കുന്നതിനുള്ള ഒരു പ്രധാന കാര്യം, പള്ളിയിൽവന്ന് നമ്മൾ നമസ്കരിക്കുന്നുവെന്നതാണ്. അപ്പോൾ പള്ളിയിൽ പാലിക്കേണ്ട ചില മര്യാദകളുണ്ട്. പള്ളിയിൽ വരുന്ന ഓരോരുത്തരും അത് പാലിക്കേണ്ടതാണ്. നമസ്കാരം ആരംഭിക്കുമ്പോൾ, സഫ്ഫുകൾ നേരെയാക്കേണ്ടത് അടിസ്ഥാനപരമായ കാര്യമാണ്. ഇതിന് നബി(സ) വളരെ പ്രാധാന്യം നല്കിയിരിക്കുന്നു. കാരണം ഒരു ഐക്യത്തിന്റെ രൂപം അതുമുഖേന ഉണ്ടാകുന്നു.

ഹദ്റത്ത് അബൂമസ്ഊദ്(റ) പറയുന്നു: നബി (സ) നമസ്കാരത്തിൽ സഫ്ഫുകൾ നേരെയാക്കുന്നതിനായി ഞങ്ങളുടെ നമസ്കാരത്തിൽ തിരുദൂതർ ഞങ്ങളുടെ ചുമലുകൾ നേരെയാക്കാറുണ്ടായിരുന്നു. “നിങ്ങൾ നേരെ നില്ക്കുവിൻ, വളഞ്ഞ് നില്ക്കരുത്. അങ്ങനെവരുമ്പോൾ നിങ്ങളുടെ ഹൃദയങ്ങൾ വളഞ്ഞുപോകും എന്ന് നബി(സ) പറയുകയും ചെയ്തിരുന്നു. നിങ്ങളിൽനിന്ന് കൂടുതൽ അറിവുള്ളവരും പ്രായപൂർത്തി എത്തിയവരുമാണ് എന്നോടടുത്ത് നില്ക്കേണ്ടത്. പിന്നീട് അവരോടടുത്തവരും അതിനുശേഷം അവരോടടുത്തവരുമാണ്”

അണി നേരെയാക്കുന്നതിന് വളരെ പ്രാധാന്യമുണ്ട്; പരസ്പരമുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും, ഒന്നായിക്കൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ പ്രണമിക്കുന്നതിനും വേണ്ടിയാണിത്.

**സ്ത്രീകളോടുള്ള പ്രത്യേക ഉപദേശം**

ഈ സഫ്ഫുകൾ നേരെയാക്കുന്ന കാര്യത്തിൽ ഇന്ന് ഞാൻ സ്ത്രീകളോടും പറയാനാഗ്രഹിക്കുകയാണ്. സ്ത്രീകളിൽനിന്ന് സാധാരണ പരാതി ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്; ഇവിടെയും, മറ്റു രാജ്യങ്ങളിൽ പര്യടനത്തിനു പോകുമ്പോൾ അവിടെയും. പൊതുവെ സ്ത്രീകൾ ജുമുഅ ദിവസവും ചിലപ്പോൾ അതിനു പുറമയും പള്ളിയിൽ നമസ്കരിക്കാൻ വരാറുണ്ട്. പക്ഷേ സഫ്ഫുകൾ നേരെയാക്കി നില്ക്കുന്നില്ല എന്നതാണ് പരാതി. ലജ്ന ഇമായില്ലായുടെ ഭാരവാഹികളും ഇതിലേക്ക് ശ്രദ്ധിക്കാറില്ല. എന്നല്ല ചിലപ്പോൾ ഭാരവാഹികൾതന്നെ കയറിയും ഇറങ്ങിയും സഫ്ഫുകളിൽ നില്ക്കുന്നത് കാണാറുണ്ട്. ചേർന്നുനില്ക്കാതെ ദൂരെ ദൂരെനിന്ന് നമസ്കാരിക്കുന്നു. ജൽസ ദിവസങ്ങളിൽ പന്തലുകളിലും മറ്റും സഫ്ഫിൽ നില്ക്കുമ്പോൾ പ്രത്യേകിച്ചും. ഇവിടെ ഹാളിൽനിന്ന് നമസ്കരിക്കുമ്പോഴും ഈ പരാതി ഉണ്ടാകുന്നു. ചില പ്രായംചെന്നവരും, രോഗികളുമായ സ്ത്രീകൾ കസേരകൾ സഫ്ഫിൽ ഇടയ്ക്ക് കൊണ്ടുവെച്ച് അതിലിരുന്ന് നമസ്കരിക്കുന്നു. കസേരയിൽ ഇരിക്കുന്നത് നിർബന്ധമായിട്ടുള്ളവർ, ഏതെങ്കിലും ഒരു ഭാഗത്ത് കസേര ഇട്ടിരിക്കേണ്ടതാണ്. ഇടയിലിരിക്കരുത്. അല്ലെങ്കിൽ, പിന്നിൽ പോയിരിക്കേണ്ടതാണ്. കാരണം നമസ്കാരത്തിൽ പാലിക്കേണ്ട മര്യാദകളിൽ സഫ്ഫുകൾ നേരെയാക്കി നില്ക്കേണ്ടത് വളരെ അത്യാവശ്യമായ കാര്യമാണ്. നബി(സ) അതിൽ വളരെ കൃത്യത പാലിച്ചിരുന്നു.

ജുമുആയിലെ ഖുത്ബ നമസ്കാരത്തിന്റെ ഒരു ഭാഗമാണെന്നതും ഓർക്കുക. ചില സ്ത്രീകളും, സ്കൂൾ അവധിയായതിനാൽ ചില പെൺകുട്ടികളും ഈയവസരത്തിൽ പള്ളിയിൽ വരാറുണ്ട്. അവർ നമസ്കാരത്തിനു പകരം കൂട്ടുകാരികളും സുഹൃത്തുക്കളുമായി കാണാനും സംസാരിക്കാനുമാണ് വരു

ന്നതെന്ന് തോന്നുന്നു. കാണാനും സംസാരിക്കാനു മാണ് വരുന്നതെന്ന് ഞാൻ പറഞ്ഞത് തെറ്റുധാരണ കൊണ്ടല്ല. ചിലരുടെ പ്രവർത്തി അതിനു തെളിവാ ണ്. ഉദാഹരണത്തിന്, കഴിഞ്ഞ ജുമുഅയെ സംബ ന്ധിച്ച് എനിക്കിവിടുത്തെ റിപ്പോർട്ട് കിട്ടി. ചില പെൺകുട്ടികൾ ഖുത്ബ നടന്നുകൊണ്ടിരിക്കു മ്പോൾ തങ്ങളുടെ മൊബൈൽ ഫോണിലൂടെ മെസ്സേ ജുകൾ അയക്കുകയും ചിലർ സംസാരിക്കുകയും ചെയ്തു. ഇങ്ങനെ മറ്റുള്ളവർക്കും ജുമുഅ ഖുത്ബ കേൾക്കാൻ തടസ്സം സൃഷ്ടിച്ചു. ചെറിയ കുട്ടികളെ ക്കുറിച്ചും ഇക്കാര്യത്തിൽ പരാതി ലഭിക്കുന്നുണ്ട്. ഇക്കാലത്ത് എല്ലാവർക്കും ഉപ്പയും ഉമ്മയും മൊബൈൽ വാങ്ങികൊടുത്തിട്ടുണ്ടല്ലോ.

ഖുത്ബ നടന്നുകൊണ്ടിരിക്കുമ്പോൾ ആരെ ങ്കിലും സംസാരിക്കുന്നത് കണ്ടാൽ അവരെ അതിൽ നിന്ന് ആംഗ്യത്തിലൂടെ തടയണമെന്നാണ് കല്പന. കാരണം ഖുത്ബ നമസ്കാരത്തിന്റെ ഭാഗമാണ്. ഇത് പ്രത്യക്ഷത്തിൽ ചെറിയ കാര്യമാണ്. പക്ഷേ, വളരെ പ്രാധാന്യമുണ്ടതിന്. അതുകൊണ്ട് ഇത് ശ്രദ്ധിക്കേ ണ്ടതാണ്. **ജുമുഅയുടെ പരിശുദ്ധിയെക്കുറിച്ചും പള്ളിയുടെ പരിശുദ്ധിയെക്കുറിച്ചും ബോധമില്ലാതെ ഇത്രമാത്രം പ്രധാനപ്പെട്ട സന്ദേശകൈമാറ്റം ആർക്കെ ങ്കിലും നടത്തണമെങ്കിൽ ഫോൺ ചെയ്യണമെങ്കിൽ അവർ വീട്ടിലിരിക്കേണ്ടതാണ്. മറ്റുള്ളവരെ ബുദ്ധി മുട്ടിയ്ക്കാൻ പാടില്ല.**

സ്ത്രീകൾ പള്ളിയിൽവന്ന് മറ്റുള്ളവരുടെ നമ സ്കാരത്തെ നശിപ്പിക്കുന്നതിനേക്കാൾ ഉത്തമം അവർ വീട്ടിൽ നമസ്കരിക്കുന്നതാണ്. ജമാഅത്തോ ടുകൂടിയ നമസ്കാരത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം മന സ്സിന്റെ വളവ് അകറ്റുകയും പരസ്പരം സ്നേഹം ഉണ്ടാക്കുകയും ആണ്. അല്ലാഹുവിന്റെ മുന്നിൽ ഒന്നായിക്കൊണ്ട് കുനിയുകയാണ്; ഒന്നായിക്കൊണ്ട് ഏകനായ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുകയാണ്. അല്ലാതെ മനസ്സിൽ വെറുപ്പ് വർദ്ധിക്കാനോ മറ്റുള്ളവരെ ബുദ്ധിമുട്ടിക്കാനോ അല്ല.

അതുകൊണ്ട് ഓർമ്മിക്കുക, ഒരു സത്യവിശ്വാ സിക്ക് നമസ്കാരം നിലനിറുത്തുക എന്നത് ഏറ്റവും പ്രധാനപ്പെട്ടതാണെന്നപോലെ, അല്ലാഹുവിന്റെ അനു ഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നതുപോലെതന്നെ പള്ളിയുടെ പരിശുദ്ധി കാത്തുസൂക്ഷിക്കേണ്ടതും വളരെ പ്രധാനപ്പെട്ട കാര്യമാണ്.

നമസ്കാരത്തെക്കുറിച്ചുതന്നെ പറഞ്ഞുകൊണ്ട് മറ്റൊരു കാര്യംകൂടി ഞാൻ പറയാനാഗ്രഹിക്കുകയാ ണ്, ഖിലാഫത്തിനോടൊപ്പം ആരാധനയ്ക്ക് വലിയ ബന്ധമുണ്ടെന്ന കാര്യം എപ്പോഴും ഓർക്കുക. എന്താണ് ആരാധന? അത് നമസ്കാരം തന്നെയാ ണ്. ഹൃദയത്തിന് ശാന്തി നല്കുമെന്നും ഖിലാഫത്ത് നല്കുമെന്നും വാഗ്ദാനം ചെയ്തിടത്ത് അതിനോ ടൊപ്പം ***അഖീമുസ്സ്വലാത്ത്*** എന്ന കല്പനയുമുണ്ട്.

അതുകൊണ്ട് ശക്തി സംഭരിക്കുന്നതിനും നിസാമെ ഖിലാഫത്തിൽനിന്ന് അനുഗ്രഹം തേടുന്ന തിനുമുള്ള ഒന്നാമത്തെ നിബന്ധന നമസ്കാരം നില നിറുത്തുക എന്നതാണ്. കാരണം ആരാധനയും നമ സ്കാരവും തന്നെയാണ് അല്ലാഹുവിന്റെ അനുഗ്ര ഹങ്ങളെ ആകർഷിച്ചെടുക്കുന്നത്. ഇല്ലെങ്കിൽ, അനു ഗ്രഹത്തിനുശേഷം നിങ്ങൾ എനിക്ക് ശുകർ ചെയ്തു കൊണ്ട് എന്നെ ആരാധിക്കാൻ ശ്രദ്ധിക്കുന്നില്ലെങ്കിൽ നന്ദികെട്ടവരിൽപ്പെട്ടവരായിപ്പോകുമെന്ന് അല്ലാഹു പറയുന്നു. നന്ദികെട്ടവരോട് ഖിലാഫത്ത് നല്കു മെന്ന് വാഗ്ദാനം ചെയ്തിട്ടില്ല. അത് സത്യവിശ്വാ സികളോടാണ്.

തങ്ങളുടെ നമസ്കാരത്തിലേക്ക് ശ്രദ്ധിക്കാത്ത വർ ഉണരേണ്ട സമയമാണിത്. ഉണർന്നില്ലെങ്കിൽ ഖിലാഫത്ത് വ്യവസ്ഥിതിയുടെ അനുഗ്രഹം നിങ്ങൾക്കെത്തുകയില്ല. ഖിലാഫത്ത് വ്യവസ്ഥിതി യിൽനിന്ന് അനുഗ്രഹമുണ്ടാകണമെന്നാഗ്രഹിക്കു ന്നെങ്കിൽ, ***യഅ്ബുദൂനനീ*** എന്നെ ആരാധിക്കുക എന്ന കല്പന നിറവേറ്റുക. ഇതനുസരിച്ച് പ്രവർത്തി ക്കേണ്ടിവരും. അതിനാൽ ഓരോ അഹ്മദിയും ഇക്കാ ര്യം തങ്ങളുടെ ബുദ്ധിയിൽ കുടിയിരുത്തേണ്ടതാണ്. ഖിലാഫത്തിന്റെ രൂപത്തിൽ നിലനിന്നുവരുന്ന അല്ലാ ഹുവിന്റെ ഈ പാരിതോഷികത്തിൽനിന്ന് നമുക്ക് ഫലമെടുക്കാൻ കഴിയുന്നത്, നമ്മൾ നമ്മുടെ നമ സ്കാരത്തെ കാത്തുസൂക്ഷിക്കുന്നവരാകുമ്പോഴാണ്.

റബ്വയിൽ താൻ പോയിരുന്നുവെന്നും അവിടെ സുബ്ഹി നമസ്കാരത്തിനും ഇശാഅ് നമ സ്കാരത്തിനും വളരെ കുറച്ചാളുകളെ കണ്ടുള്ളൂ വെന്നും റബ്വയിൽനിന്ന് കഴിഞ്ഞദിവസം ഇവിടെ വന്ന ഒരാൾ എന്നെ എഴുതിയറിയിക്കുകയുണ്ടായി. ഇത് ചിന്തിക്കേണ്ട നിമിഷമാണ്. അവിടെയുള്ള വർക്കും, എന്നല്ല എല്ലായിടത്തും ഉള്ളവർക്കും. റബ്വയ്ക്ക് ഒരു മാതൃകയുണ്ട്. കഴിഞ്ഞ കുറച്ചു വർഷമായി അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടായിരുന്നു. റബ്വ യിൽ നമസ്കാരക്കാരുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു വെന്നുള്ള റിപ്പോർട്ട് വന്നും പോയും ഇരി ക്കുന്നവരിൽനിന്നും കിട്ടിയിരുന്നു. എന്നല്ല, നമസ്കാ രത്തിന്റെ നേരത്ത് കടകൾ അടച്ചുകൊണ്ട് പള്ളി യിൽ പോകാറുണ്ടായിരുന്നു. എനിക്ക് അയാൾ പറ

ഞ്ഞതിൽ അത്ര വിശ്വാസം വന്നിട്ടില്ല. എനിക്ക് റബ്‌വയെക്കുറിച്ച് സൽഭാവനയാണുള്ളത്. പക്ഷേ, ഇതിൽ അലസത ഉണ്ടാകുന്നുണ്ടെങ്കിൽ അവിടെ താമസിക്കുന്നവർ സ്വയം ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. നിങ്ങൾ നന്മ സ്വായത്തമാക്കുന്നതിൽ ഒരു ചുവട് മുന്നോട്ടുവച്ചിരുന്നു. ആ ചുവട് മുന്നോട്ടു പോകേണ്ടതാണ്. എന്റെ സൽഭാവന എന്നെന്നും നിലനില്ക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

ഇപ്രകാരംതന്നെ പൊതുവെ പാക്കിസ്ഥാനിലും, ലോകത്തുള്ള ഓരോ അഹ്മദിയും എവിടെയൊക്കെ അവർ വസിക്കുന്നുണ്ടോ നമസ്കാരം നിലനിറുത്താൻ പ്രത്യേകം ശ്രദ്ധിക്കുക. ജമാഅത്തംഗങ്ങളും ഖലീഫയും തമ്മിലുള്ള പരസ്പരബന്ധം, ശക്തിപ്പെടുന്നത് ആരാധനാകർമ്മങ്ങളിലേക്ക് ശ്രദ്ധ പതിഞ്ഞുകൊണ്ടിരിക്കുമ്പോഴാണെന്ന കാര്യം എപ്പോഴും ഓർക്കുക. അല്ലാഹു ഓരോരുത്തർക്കും പരിശുദ്ധമാതൃക നിലനിറുത്താൻ തൗഫീഖ് നല്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമസ്കാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുന്നു: "നമസ്കാരത്തെക്കാൾ വലുതായി ഒരു ജപവും ഇല്ല. കാരണം ഇതിൽ ദൈവത്തെ സ്തുതിക്കലുണ്ട്. പൊറുക്കലിനെ തേടലുണ്ട്. സ്വലാത്ത്. എല്ലാതരം ജപങ്ങളും ഇതിലുണ്ട്. ഇതുതന്നെയാണ് നമസ്കാരം. ഇതുമുഖേന എല്ലാതരം വിഷമവും ദുഃഖവും അകലുന്നു. ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടുന്നു. നബി(സ) തിരുമേനിയ്ക്ക് എന്തെങ്കിലും അല്പം വിഷമമുണ്ടായാൽ ഉടനെ അവിടന്ന് നമസ്കാരത്തിനായി എഴുന്നേറ്റു നില്ക്കുമായിരുന്നു. അതുകൊണ്ടാണ് ***അലാ ബിദിക്‌രില്ലാഹി തത്‌മയിന്നുൽഖുലൂബ്*** എന്ന് പറഞ്ഞത്. ശാന്തിയ്ക്കും മനസ്സമാധാനത്തിനും നമസ്കാരത്തെക്കാളുപരി വേറെ ഒരു വഴിയുമില്ല. ആളുകൾ പല രീതിയിലുള്ള ജപങ്ങളും മന്ത്രങ്ങളും സ്വന്തമായി ഉണ്ടാക്കിക്കൊണ്ട്, ജനങ്ങളെ വഴികേടിലാക്കിയിരിക്കുന്നു.

അവർ നബി(സ) തിരുമേനിയുടെ ധർമ്മശാസ്ത്രത്തിനെതിരെ പുതിയൊരു ധർമ്മശാസ്ത്രം ഉണ്ടാക്കിയിരിക്കുന്നു. എന്നിട്ട് ഞാൻ നബിയാണെന്ന് വാദിച്ചുവെന്ന് ആരോപണം ഉന്നയിക്കുന്നു. എന്നാൽ, അവർ പുതിയ ശരീഅത്തുണ്ടാക്കുകയും നബിയായി ചമയുകയും ചെയ്യുന്നത് ഞാൻ നോക്കിക്കാണുന്നു, അത്ഭുതത്തോടെ നോക്കിക്കാണുന്നു. അവർ ജനങ്ങളെ വഴി പിഴപ്പിക്കുന്നു. ഈ ജപങ്ങളും മന്ത്രങ്ങളും ലോകത്തെ എങ്ങനെയാക്കിത്തീർത്തിരിക്കുന്നുവെന്നുവെച്ചാൽ, അവർ അല്ലാഹുവിന്റെ കല്പനകളെ ഉപേക്ഷിച്ച് കുത്തിയിരിക്കുന്നവരായി. ചിലർ നമസ്കാരംപോലും പരിഗണിക്കാത്തവിധം മന്ത്രങ്ങളിലും ജപങ്ങളിലും അങ്ങേയറ്റം ലയിച്ചിരിക്കുന്നു.

ചില സിംഹാസനാരൂഢർ ശാഖത്ത് മതക്കാരുടെ മന്ത്രങ്ങൾ തങ്ങളുടെ ജപങ്ങളിൽ ചൊല്ലുന്നതായി മൗലവിസാഹിബിൽനിന്ന് (ഖലീഫത്തുൽ മസീഹ് അവ്വൽ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്) ഞാൻ കേൾക്കുകയുണ്ടായി. എന്റെ പക്കൽ എല്ലാ ജപങ്ങളേക്കാളും മികച്ചജപം നമസ്കാരം തന്നെയാണ്. നമസ്കാരം നല്ലതായ നിലയിൽ അനുഷ്ഠിക്കേണ്ടതാണ്. മനസ്സിലാക്കി മനസ്സിലാക്കി അനുഷ്ഠിക്കേണ്ടതാണ്. സുന്നത്താക്കപ്പെട്ട പ്രാർത്ഥനകൾക്കുശേഷം തങ്ങൾക്കുവേണ്ടി തങ്ങളുടെ മാതൃഭാഷയിലും പ്രാർത്ഥിക്കുക. ഇതുമുഖേന നിങ്ങൾക്ക് മനസ്സമാധാനം ലഭിക്കും. എല്ലാ പ്രയാസങ്ങളും അല്ലാഹു ഇച്ഛിച്ചാൽ ഇതുമുഖേന പരിഹരിക്കപ്പെടുന്നതാണ്. നമസ്കാരം ദൈവസ്മരണയ്ക്കുള്ള മാർഗ്ഗമാണ്. അതുകൊണ്ടാണ് പറഞ്ഞത്, '***അഖിമിസ്സ്വലാത്തലിദിക്‌രി***'

രണ്ടാമത്തെ കാര്യം ഞാൻ ആദ്യം പറഞ്ഞതുപോലെ നമസ്കാരത്തോടൊപ്പം ധനത്യാഗത്തിലേക്കുള്ള ശ്രദ്ധയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പൊതുവെ അഹ്മദികൾ ധനത്യാഗത്തിലേക്ക് ശ്രദ്ധിക്കാറുണ്ട്. പക്ഷേ, ഇതിലും കാണാൻ കഴിഞ്ഞ ഒരുകാര്യം ത്യാഗം ചെയ്യുന്നവർ ആവർത്തിച്ചാവർത്തിച്ച് ഓരോ ധനത്യാഗത്തിലും പങ്കെടുത്തുകൊണ്ടേപോകുന്നു. പക്ഷേ, സാമ്പത്തികമായി നല്ല കഴിവുള്ള ഒരുവിഭാഗം, തങ്ങളുടെ കഴിവനുസരിച്ച് ചന്ദ കൊടുക്കാറില്ല. നമസ്കാരത്തെക്കുറിച്ച് പരാമർശിച്ചപ്പോൾ, ഖിലാഫത്തു മുഖേന അല്ലാഹു മനസ്സമാധാനം നല്കുമെന്ന് വാഗ്ദാനം ചെയ്തതിനോടൊപ്പം അതിന് തന്നെ ആരാധിക്കണമെന്ന നിബന്ധന വെച്ചിരിക്കുന്നതായും ഞാൻ പറഞ്ഞിരുന്നു. അവർ നമസ്കാരം നിലനിറുത്തുന്നവരായിരിക്കുമെന്ന് അടുത്തവചനത്തിൽ വിശദീകരിക്കുകയും ചെയ്തു. അതിനോടൊപ്പംതന്നെ ***വ ആത്തുസക്കാത്ത***- സക്കാത്ത് കൊടുക്കുക എന്നും പറഞ്ഞിരിക്കുന്നു. സക്കാത്തും ധനത്യാഗവും ഖിലാഫത്ത് നിലനില്ക്കുന്നതിനും നിങ്ങൾക്ക് സമാധാനം പ്രാപിക്കുന്നതിനുമുള്ള മാർഗ്ഗമാണ്. പിന്നീട് തുടർന്ന് പറഞ്ഞു: ***വ അത്വീഉർറസൂലലഅല്ലക്കും തുർഹമൂൻ*** നിങ്ങളിൽ കരുണ ചെയ്യപ്പെടുന്നതിനായി റസൂലിനേയും അനുസരിക്കുക.

റസൂൽ(സ)നെ അനുസരിച്ചുകൊണ്ട്, അല്ലാഹുവിന്റെ മസീഹിനേയും മഹ്ദിയേയും വിശ്വസിച്ച അഹ്മദികളായ നമ്മൾ ഭാഗ്യവാന്മാരാണ്. മസീഹ് മഹ്ദിയെക്കുറിച്ച് പറഞ്ഞതിനോടൊപ്പം

എന്നെന്നും നിലനില്ക്കുന്ന ഖിലാഫത്തിനെക്കുറിച്ചും നബി(സ) മുഖേന അല്ലാഹു സുവാർത്ത അറിയിച്ചു. അതിനാൽ, ഖിലാഫത്ത് വ്യവസ്ഥിതിയും റസൂലിനെ അനുസരിക്കുന്നതിന്റെ ഒരു കണ്ണിയാണ്. ഇക്കാലഘട്ടത്തിൽ സക്കാത്ത് കൊണ്ട് പൂർത്തിയാകാത്ത ദീനിന്റെ ആവശ്യങ്ങൾക്കായി ധനത്യാഗം ചെയ്യാൻ ആഹ്വാനം ചെയ്യാറുണ്ട്. ഇത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും ഇച്ഛയ്ക്കനുസരിച്ച് തന്നെയുള്ളതാണ്. നബി(സ) തിരുമേനിയുടെ കാലഘട്ടത്തിൽത്തന്നെ സക്കാത്തിന്റെ തുകയിൽ ഒതുങ്ങാതെ വരുന്ന ചെലവുകൾക്കായി ചന്ദ വാങ്ങാറുണ്ടായിരുന്നു. സക്കാത്തിന് അതിന്റേതായ ഒരു പ്രാധാന്യമുണ്ട് എന്നത് ശരിതന്നെ. വിശുദ്ധഖുർആനിൽ അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. പക്ഷേ, അതിനോടൊപ്പം മറ്റു നിരവധി ദീനീ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനും ധനത്യാഗം ചെയ്യാൻ പറയുന്നുണ്ട്. ചിലയാളുകൾ കരുതുന്നത് ജമാഅത്തിൽ സക്കാത്ത് വ്യവസ്ഥിതി നടപ്പിൽ ഇല്ലെന്നും അതിലേക്ക് നമ്മൾ ശ്രദ്ധിക്കാറില്ലെന്നുമാണ്. ജമാഅത്തിൽ സക്കാത്ത് വ്യവസ്ഥിതി നടപ്പിലുണ്ട്. സക്കാത്ത് നിർബന്ധമായവർ അതു കൊടുക്കുകതന്നെ വേണം. ചില ബലഹീനരായ ആളുകൾ, അല്ലെങ്കിൽ അറിവില്ലാത്തവർ ചില മനസ്സുകളിൽ പ്രശ്നമുണ്ടാക്കാറുണ്ട്. അതിൽ ബയ്അത്ത് ചെയ്തുവരുന്ന പുതിയ അഹ്മദികൾ വഞ്ചിക്കപ്പെടാറുമുണ്ട്. ചന്ദയുടെ ഇസ്‌ലാമികരീതിയെ ജമാഅത്ത് നടപ്പിൽ വരുത്തുന്നതിനുപകരം തങ്ങളുടേതായ വ്യവസ്ഥിതിയാണ് നടപ്പിൽവരുത്തുന്നതെന്ന് അവർ പറഞ്ഞുകൊടുക്കുന്നു. ഒന്നു മനസ്സിലാക്കേണ്ടത്, സക്കാത്ത് എല്ലാവർക്കും നിർബന്ധമല്ല എന്നതാണ്. അതിന് ചില നിബന്ധനകളുണ്ട്. അവർക്കാണ് ഇത് നിർബന്ധം. രണ്ടാമത്തേത് ഇതിന്റെ തോത് വളരെ കുറവാണ്. അതുകൊണ്ട് ഇക്കാലത്തെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ കഴിയില്ല. ഞാൻ പറഞ്ഞതുപോലെ നബി(സ)യുടെ കാലഘട്ടത്തിലും കൂടുതൽ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി സക്കാത്തിനു പുറമെ കൂടുതൽ ചന്ദ പിരിച്ചെടുക്കാറുണ്ടായിരുന്നു.

നിർബന്ധ സക്കാത്തിനെക്കുറിച്ച് ആർക്കും അഭിപ്രായവ്യത്യാസമില്ല. അതുകൊണ്ട് സക്കാത്ത് നിർബന്ധമാക്കപ്പെട്ടവർ, സക്കാത്ത് കൊടുക്കേണ്ടത് നിർബന്ധമാണ്. തീർച്ചയായും അവർ അത് കൊടുക്കുകതന്നെ വേണം. പ്രത്യേകിച്ച് ആഭരണങ്ങൾ ഉണ്ടാക്കി സൂക്ഷിച്ചുവെയ്ക്കുന്ന സ്ത്രീകൾക്ക് ഇത് നിർബന്ധമാണ്. സ്വർണ്ണത്തിന് സക്കാത്തുണ്ട്. രണ്ടാമത്തേത് ഞാൻ പറഞ്ഞതുപോലെ ഖിലാഫത്ത്, നുബുവ്വത്ത് പരമ്പരയുടെ ഒരു കണ്ണിയാണ്. ഇക്കാലഘട്ടത്തെക്കുറിച്ച് ***ഖിലാഫത്തുൻ അലാ മിൻഹാജുന്നുബുവ്വത്ത്*** എന്ന പ്രവചനമുണ്ട്. അതുകൊണ്ട് ഖലീഫമാർ നിശ്ചയിക്കുന്ന ചന്ദകളും പദ്ധതികളും അല്ലാഹുവും അവന്റെ റസൂലും കല്പിച്ചതനുസരിച്ചുതന്നെയുള്ളതാണ്. അതിനാൽ അതു കൊടുക്കുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

തോത് നിശ്ചയിച്ചിരിക്കുന്നതിൽ ചിലയാളുകൾ ആക്ഷേപിക്കാറുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ഈ തോത് നിശ്ചയിച്ചിരുന്നില്ല. പിന്നീടാണ് അത് നിശ്ചയിക്കപ്പെട്ടത്. ആവശ്യമനുസരിച്ചാണ് അത് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ ഖിലാഫത്തുമായി ബന്ധപ്പെട്ടുകൊണ്ട് നമസ്കാരം നിലനിറുത്തുന്നതിനോടൊപ്പം സക്കാത്ത് കൊടുക്കുന്നതിനോടൊപ്പം ധനത്യാഗവും ഉണ്ടാകണം. ദീനിന്റെ കെട്ടുറപ്പിന്നായി അനുസരണത്തിന്റെ മാതൃകയും ഉണ്ടാകണം. അതിനോടൊപ്പം അല്ലാഹുവും അവന്റെ റസൂലും കല്പിച്ചതുപ്രകാരം പ്രവർത്തിച്ചുകൊണ്ട് ഒരു സത്യവിശ്വാസി അല്ലാഹുവിന്റെ കാരുണ്യത്തിന് അനന്തരാവകാശിയും ആയിത്തീരുന്നതാണ്.

ഈ ദിനങ്ങളിൽ ചില ജമാഅത്തുകൾക്ക് തങ്ങളുടെ ചന്ദആമിന്റെ ബഡ്ജറ്റ് പൂർണ്ണമായും പിരിച്ചെടുക്കുന്നതിനെക്കുറിച്ചുള്ള ചിന്തയുണ്ടാകും. അവർ ബുദ്ധിമുട്ട് പ്രകടിപ്പിക്കുകയും ചെയ്യും. ജമാഅത്തിനുമേൽ അല്ലാഹുവിന്റെ അനുഗ്രഹം എപ്പോഴും ഉണ്ടായിട്ടുണ്ട്. ജമാഅത്തംഗങ്ങളുടെ ത്യാഗം ചെയ്യാനുള്ള വികാരംകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിന് അവർക്ക് തൗഫീഖ് കിട്ടിക്കൊണ്ടിരിക്കുന്നു. ജമാഅത്തംഗങ്ങൾ തങ്ങളുടെ ഉത്തരവാദിത്തം പൂർണ്ണമായും നിറവേറ്റിക്കൊണ്ട് ഭാരവാഹികളുടെ ഈ ബുദ്ധിമുട്ടിനെ എപ്പോഴും തെറ്റായി സ്ഥാപിച്ചുകാണിച്ചിട്ടുണ്ട്. ഈ വർഷവും ഇൻശാ അല്ലാഹ് അങ്ങനെ തന്നെയായിരിക്കും ഉണ്ടാകുക. എനിക്ക് അതിനെക്കുറിച്ച് ചിന്തയില്ല. പക്ഷേ, ഞാൻ പറഞ്ഞതുപോലെ ഈ നിർബന്ധകാര്യത്തിലേക്ക് ശ്രദ്ധിക്കാത്ത വിഭാഗം ജമാഅത്തിലുണ്ട്. തോതനുസരിച്ച് ചന്ദ കൊടുത്താൽ തങ്ങളുടെ വരുമാനത്തിൽ കുറവ് വരുമെന്ന് അവർ കരുതുന്നു. ഇത് അല്ലാഹുവിനെക്കുറിച്ചുള്ള തെറ്റായ ധാരണയാണ്. അല്ലാഹു പറയുന്നു: നിങ്ങളുടെ വിശ്വാസം ശക്തവും നിങ്ങൾ തഖ്‌വയുടെ മാർഗ്ഗത്തിലൂടെ നടക്കുന്നവരും ആരാധനാകർമ്മങ്ങളിലേക്ക് ശ്രദ്ധിക്കുന്നവരുമാണെങ്കിൽ നിങ്ങൾ അല്ലാഹുവിനെക്കുറിച്ച് തെറ്റുധരിക്കരുത്. കാരണം അല്ലാഹുതന്നെയാണ് നിങ്ങളുടെ ഉപജീവനത്തിനുള്ള വഴികൾ തുറക്കുന്നവൻ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനെക്കുറിച്ച്

പറയുന്നു: "അല്ലാഹുവിന്റെ മുമ്പിൽ ഭയത്തോടെ ജീവിക്കുന്നവന്റെ എല്ലാ ഞെരുക്കവും വിഷമങ്ങളും അകറ്റാനുള്ള വഴികൾ അല്ലാഹുതന്നെ ഒരുക്കുന്നു. പറഞ്ഞു: ***വ യർസുഖു മിൻ ഹയ്സു ലാ യഹ്തസിബ്*** വിചാരിക്കാൻപോലും പറ്റാത്ത വഴിയിലൂടെ അല്ലാഹു മുത്തഖികൾക്ക് ഉപജീവനം നല്കുന്നു. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. വാഗ്ദാനം പാലിക്കുന്നവരിൽ അല്ലാഹുവിനേക്കാൾ വലിയവൻ മറ്റാരുണ്ട്.

അതുകൊണ്ട് അല്ലാഹുവിൽ വിശ്വസിക്കുക. അല്ലാഹുവിനെ ഭയപ്പെടുന്നവർ ഒരിക്കലും നഷ്ടത്തിലാകുകയില്ല. ***യജ്അലല്ലാഹൂ മഖ്റജാ*** എന്നത് വിശാലമായ സുവിശേഷമാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് ജീവിക്കുക. അല്ലാഹു നിങ്ങളുടെ ജാമ്യക്കാരനായിരിക്കും. അവൻ ചെയ്ത വാഗ്ദാനമെല്ലാം അവൻ പൂർത്തിയാക്കും."

ചിലയാളുകൾ കരുതുന്നത് തങ്ങൾ ചെയ്യുന്ന ജോലികൾ അനുവദനീയമായതാണെങ്കിലും അല്ലെങ്കിലും അതുപേക്ഷിക്കുക വളരെ പ്രയാസകരമാണെന്നാണ്. രിസ്ഖ് തരുന്നവൻ അല്ലാഹുവാണെന്ന് അവർ മനസ്സിലാക്കുന്നില്ല. കുറച്ചുനാൾ മുമ്പേ, പന്നിയിറച്ചി പാകം ചെയ്യുകയോ വില്പന നടത്തുകയോ ചെയ്യുന്നവരും, ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും ആ ജോലി ചെയ്യരുതെന്ന് ഞാൻ പറഞ്ഞിരുന്നു. ഇനിയാരെങ്കിലും അങ്ങനെ ചെയ്യുകയാണെങ്കിൽ അത്തരക്കാരിൽനിന്ന് ചന്ദ വാങ്ങുകയില്ല. ഇതിൽ ജർമ്മനി ജമാഅത്ത് വളരെ ശക്തമായി പ്രവർത്തിച്ചു. മറ്റു രാജ്യങ്ങളിലും ഇതു വേണ്ടതാണ്. പക്ഷേ, അത്തരം സ്ഥലങ്ങളിൽ ജോലി ചെയ്തിരുന്ന ചിലയാളുകൾ, തങ്ങളുടെ ഉപജീവനം മുട്ടിപ്പോകുമെന്ന് എന്നെ എഴുതിയറിയിച്ചിരുന്നു. ഇതാകും അതാകും എന്നൊക്കെ അതിൽ പറഞ്ഞിരുന്നു. ഞാൻ പറഞ്ഞു, എന്തുണ്ടായാലും വേണ്ടില്ല നേരിട്ട് നിങ്ങൾ ഈ ജോലിയിൽ വ്യാപൃതരാണെങ്കിൽ നിങ്ങളിൽനിന്ന് ചന്ദ വാങ്ങുകയില്ല. അതിലൂടെ കിട്ടുന്ന ഭക്ഷണം നിങ്ങൾ കഴിക്കുന്നെങ്കിൽ കഴിച്ചുകൊള്ളുക. അല്ലാഹുവിന്റെ ധനത്തിൽ അതിന്റെ ഭാഗം ചേർക്കുകയില്ല. നിങ്ങൾ നിർബന്ധിതരാണെങ്കിൽ നിങ്ങളിൽ അത് നടപ്പിലാക്കിക്കൊള്ളുക. അതുപയോഗിച്ചുകൊള്ളുക. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന് അത്തരം നിർബന്ധിതാവസ്ഥ ഇല്ല. അല്ലാഹു ജമാഅത്തിന്റെ ആവശ്യങ്ങൾ പൂർത്തിയാക്കുന്നു. എപ്പോഴും പൂർത്തിയാക്കിക്കൊണ്ടിരിക്കുകയും ചെയ്യും.

'ഞാൻ കുറവു വരുത്തുകയില്ല' എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്. ആവശ്യമുള്ളതെല്ലാം അല്ലാഹു പൂർത്തിയാക്കിത്തരുന്നു. ഇങ്ങനെ ഒരുപാടാളുകളിൽനിന്ന് ചന്ദ വാങ്ങുന്നത് നിന്നുപോകുമല്ലോ എന്ന ഭയം ജമാഅത്തിനും ഉണ്ടായിരുന്നു. പക്ഷേ, അവിടെനിന്ന് (ജർമ്മനി) ഇപ്രാവശ്യം വന്നിട്ടുള്ള ബഡ്ജറ്റ് ചിന്തിക്കാൻപോലും കഴിയാത്ത വർദ്ധനവോടുകൂടിയാണെന്ന് സെക്രട്ടറി മാൽ സാഹിബ് എഴുതിയിരിക്കുന്നു. ഇതിനുമുമ്പേ ഇത്ര വർദ്ധനവ് ഉണ്ടായിട്ടേയില്ല. ഇതാണ് അല്ലാഹുവിന്റെ വാഗ്ദാനം. ***വ യർസുഖു മിൻ ഹയ്സു ലാ യഹ്തസിബ്.*** അല്ലാഹു തരുമ്പോൾ, ചിന്തിയ്ക്കുന്നതിനേക്കാൾ അധികമായിരിക്കും തരിക. അവൻ തന്നുകൊണ്ടിരിക്കുന്നു. പക്ഷേ, തഖ്വയിൽ നിലകൊള്ളണമെന്നുമാത്രം.

പൊതുവെ എല്ലായിടത്തും ചന്ദആമിൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുന്നു. ജമാഅത്തിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള ഏറ്റവും വലിയ മാർഗം ഇതുതന്നെയാണ്. പക്ഷേ, ആഫ്രിക്കൻ രാജ്യങ്ങളോട് ഞാൻ പറയാനാഗ്രഹിക്കുന്നു, ഇക്കാര്യത്തിൽ നിങ്ങളിൽ ശ്രദ്ധ എത്രത്തോളം ഉണ്ടാകണമായിരുന്നുവോ ഇതുവരെ അതുണ്ടായിട്ടില്ല. ആഫ്രിക്കൻരാജ്യങ്ങളിൽ നൈജീരിയായിൽ ജമാഅത്തിലെ എല്ലാ വിഭാഗങ്ങളിലും പൊതുവെ അഭിവൃദ്ധി കാണുന്നുണ്ട്. ഇപ്രകാരംതന്നെ ചന്ദയിലും കാണുന്നുണ്ട്. ചന്ദ ആമിലേക്കും ഇവരുടെ ശ്രദ്ധ ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കാരണം മറ്റു പദ്ധതികളിൽ ഇവർ കൊടുക്കുന്നത് വളരെയധികമാണ്. നൈജീരിയായിൽ രാജ്യത്തിന്റെ പുരോഗതി പൊതുവെ ഇടിഞ്ഞുകൊണ്ടിരിക്കുന്നു. എല്ലാ മാർഗ്ഗങ്ങളും ഉണ്ടായിട്ടും, എണ്ണ സമ്പത്തുണ്ടായിട്ടും അവിടെ പുരോഗതി ഉണ്ടാകുന്നില്ല. അധഃപതിച്ചുകൊണ്ടേപോകുന്നു. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ജമാഅത്തിൽ ചേർന്നിട്ടുള്ളവരുടെ സ്വഭാവത്തിൽ വളരെ നല്ല മാറ്റമാണ് ഉണ്ടായിട്ടുള്ളത്. ഈ പരിശുദ്ധമായ മാറ്റം അവരിൽ വളരാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. മറ്റു ആഫ്രിക്കൻ ദരിദ്രരാഷ്ട്രങ്ങളിലെ അഹ്മദികളും അഹ്മദിയ്യത്തിന്റെ ഉന്നതമായ നിലയിലേക്ക് ശ്രദ്ധിക്കുന്നവരായിത്തീരട്ടെ. തങ്ങളുടെ ധനത്യാഗത്തിലേക്ക് ശ്രദ്ധിക്കുന്നവരാകട്ടെ. തങ്ങളുടെ ആത്മാവിന്റെ പരിശുദ്ധിയ്ക്കായി ധനത്യാഗം ചെയ്യണമെന്നുള്ള ബോധം അവരിലുണ്ടാകുമാറാകട്ടെ.

***ഹുബ്ബുൽവത്നി മിനൽ ഈമാൻ.*** ദേശത്തോടുള്ള സ്നേഹം ഈമാന്റെ ഭാഗമാണ്. ഇതനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് ഓരോ അഹ്മദിയ്ക്കും തങ്ങളുടെ ഉള്ളിൽ പരിശുദ്ധമാറ്റം ഉണ്ടാക്കിക്കൊണ്ട്

ആത്മീയതയിൽ ഉയർന്നുകൊണ്ടുപോകാനും ഉന്നതമായ സ്വഭാവശീലങ്ങളിൽ വളരാനും ത്യാഗങ്ങളിൽ അഭിവൃദ്ധിപ്പെടാനും ശ്രമിക്കേണ്ടതാണ്. സമ്പന്നരാഷ്ട്രങ്ങളിലെ അഹ്മദികളും ദരിദ്രരാഷ്ട്രങ്ങളിലെ അഹ്മദികളും ദേശത്തോടുള്ള സ്നേഹം ഈമാന്റെ ഭാഗമാണെന്നതിന്റെ അടിസ്ഥാനത്തിൽ, സ്വന്തം ദേശവാസികൾക്കുവേണ്ടി ദുആ ചെയ്യുന്നതോടൊപ്പം അവരിലും ധാർമ്മികവും ആദ്ധ്യാത്മികവുമായ മാറ്റം ഉണ്ടാക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക; സ്വന്തം നാടുകളിൽ ഒരു വിപ്ലവം ഉണ്ടാക്കാൻ ഇതുമുഖേന സാധിക്കും. ഓരോ അഹ്മദിയും, തങ്ങളുടെ നമസ്കാരം കാത്തുസൂക്ഷിക്കാനും, ആരാധനകളുടേയും ത്യാഗങ്ങളുടേയും നില മെച്ചപ്പെടുത്താനും ശ്രദ്ധിക്കണം. അപ്പോൾ മാത്രമേ ലോകത്ത് യഥാർത്ഥ മാറ്റം ഉണ്ടാക്കുന്നവരായിത്തീരുകയുള്ളൂ. അല്ലാഹു നമ്മെ ഉയർത്തിക്കൊണ്ടുപോകാൻ ഉദ്ദേശിക്കുന്ന നിലയിലേക്ക് നമുക്കുയരാൻ സാധിക്കുകയുള്ളൂ. അപ്പോൾ മാത്രമേ നമ്മൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരാകുകയുള്ളൂ. അല്ലാഹുതആല നമുക്ക് ആ നില കരസ്ഥമാക്കുവാൻ തൗഫീഖ് നല്കുമാറാകട്ടെ.

ഇന്നും ഒരു ദുഃഖകരമായ വാർത്തയുണ്ട്. നമ്മുടെ ജമാഅത്തിലെ മുഖർറം ചൗദ്ദരി ഹബീബുല്ലാഹ് സാഹിബ് സിയാൽ 80 വയസ്സ്, തന്റെ സ്വന്തം സ്ഥലത്ത് ശഹീദാക്കപ്പെട്ടു. തന്റെ കൂടാരത്തിൽ താമസിച്ചുവരികയായിരുന്നു. ഏപ്രിൽ 8-ാം തിയ്യതി രാവിലെ അജ്ഞാതരായ ചിലയാളുകൾ അദ്ദേഹത്തെ ശഹീദാക്കുകയാണുണ്ടായത്. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹത്തിന്റെ വീട് നമസ്കരിക്കാനുള്ള സെന്ററായിരുന്നു. സുഹ്ർ അസ്ർ മഗ്രിബ് നമസ്കാരം അവിടെ നടന്നിരുന്നു. രാത്രി ഏതോ സമയത്ത് കുറച്ചാളുകൾ അദ്ദേഹത്തിന്റെ കൂടാരത്തിൽപോയി ആക്രമണം നടത്തി. എന്നല്ല, പോസ്റ്റുമാർട്ടം റിപ്പോർട്ടനുസരിച്ച് ആദ്യം കൈകാലുകൾ ബന്ധിക്കുകയും പിന്നീട് തലയിണവച്ച് ശ്വാസംമുട്ടിച്ച് ശഹീദാക്കുകയുമാണ് ചെയ്തത്. അതിനുശേഷം കഠാരകൊണ്ട് കുത്തുകയും ചെയ്തു. അടുത്ത ദിവസം അദ്ദേഹത്തിന്റെ മകന്റെ ഭാര്യ ചെന്നപ്പോഴാണ് വിവരം അറിഞ്ഞത്. ഉടനെ അവർ അഹ്മദികളേയും പോലീസിനേയും അറിയിച്ചു. ചില സമീപവാസികളായ സാമൂഹ്യദ്രോഹികളാണ് ആ കൃത്യം ചെയ്തിരുന്നതെന്ന് മനസ്സിലാകുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

രാജ്യത്തുള്ളവർക്കും എന്നല്ല ഭരണകർത്താക്കൾക്കും അല്ലാഹു ബുദ്ധി നല്കുമാറാകട്ടെ. ഒരു നീതിയുമില്ലാത്ത നിയമങ്ങളാണ് അവിടെ നടക്കുന്നത്. അവരുടെ പ്രജകളായ അഹ്മദികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും അവർക്ക് തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുവും ഒരുപരിധിവരെ മാത്രമേ അവധി നല്കുകയുള്ളൂ.

രണ്ടാമത്തെ ദുഃഖകരമായ വാർത്ത മുഖർറം ഖുറയ്ശി മഹ്മൂദുൽ ഹസൻ സാഹിബിന്റെ വേർപാടാണ്. അദ്ദേഹം സർഗോദയിലെ നായിബ് അമീർ ആയി ദീർഘകാലം സേവനം ചെയ്തിട്ടുണ്ട്. 92 വയസ്സായിരുന്നു. കഴിഞ്ഞദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹവും ദീർഘകാലം ജമാഅത്തിന്റെ വിവിധ ഉദ്യോഗങ്ങൾ വഹിച്ചിട്ടുണ്ട്. സർഗോദയിൽ ഹദറത്ത് മിർസാ അബ്ദുൽഹഖ് സാഹിബിനോടൊപ്പം താമസിച്ചിരുന്നു. വളരെ നീണ്ടകാലം പ്രവർത്തിച്ചു. മൂസിയായിരുന്നു. ബിഹിശ്തി മഖ്ബറയിൽ കബറടക്കി. അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. അല്ലാഹു അദ്ദേഹത്തിന്റേയും സിയാൽസാഹിബിന്റേയും ബന്ധുമിത്രാദികൾക്ക് ക്ഷമിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ജുമുഅ നമസ്കാരത്തിനുശേഷം അവരുടെ ജനാസ നമസ്കരിക്കുന്നതാണ്.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 13.4.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala